(എ) വടക്കാഞ്ചേരി, ചേലക്കര നിയോജകമണ്ഡലങ്ങളിലെ പഞ്ചായത്തുകൾക്ക് കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടി ആരംഭിച്ച കടങ്ങോട് ശുദ്ധജലവിതരണ പദ്ധതി ആരംഭിച്ചത് ഏത് വർഷമാണെന്ന് പറയാമോ;

(ബി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുവാനാണ് ലക്ഷ്യമിട്ടിരുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) ഈ പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കടങ്ങോട് ശുദ്ധജലവിതരണ പദ്ധതി 1994-ലാണ് ആരംഭിച്ചത്.

(ബി) 1998-ൽ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നത്. 5-6-2003-ൽ പദ്ധതി റിവ്യൂ നടത്തുകയും 12/2005-ൽ കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഉറവിടത്തിന്റെ പണി പൂർത്തീകരിച്ചു. ട്രാൻസ്ഫോർമറിന്റെയും മോട്ടോർ പമ്പ് സെറ്റിന്റെയും ഇറക്ഷൻ പണികൾ നടന്നു വരുന്നു. 11 കെ. വി. ലൈനിന്റെ പണി പൂർത്തിയാകാറായി. പമ്പിംഗ് മെയിനിന്റെ പണി പൂർത്തീകരിച്ചു. മാസ്റ്റർ ഗ്രൗണ്ട് ലെവൽ ടാങ്കിന്റെ പണി നടന്നുവരുന്നു. വരവൂർ കടങ്ങോട്, എരുമപ്പെട്ടി, വേലൂർ, മുണ്ടത്തിക്കോട് എന്നീ പഞ്ചായത്തുകളിലെ വാട്ടർ ടാങ്കിന്റെ പണി പൂർത്തീകരിച്ചു. വരവൂർ, എരുമപ്പെട്ടി ടാങ്ക് വരെയുള്ള ഗ്രാവിറ്റി മെയിൻ പൂർത്തീകരിച്ചു. വേലൂർ, മുണ്ടത്തിക്കോട് ടാങ്കിലേക്കുള്ള 8000 മീറ്റർ ഗ്രാവിറ്റി മെയിനിന് 200 മി. മീ. എ. സി. ക്ലാസ് 20 പൈപ്പ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഗ്രാവിറ്റി മെയിനിന്റെ പണി പൂർത്തിയാകുന്ന മുറയ്ക്ക് വിതരണ ശൃംഖലയുടെ പണികൾ പൂർത്തീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഈ പദ്ധതി 2005 ഡിസംബർ മാസത്തിൽ കമ്മീഷൻ ചെയ്യുവാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

ചാലക്കുടി കെ. ഡബ്ല്യൂ. എ. സ്കീം

60 [3203] പ്രൊഫസർ സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി കെ. ഡബ്ല്യൂ. എ. സ്കീമിന്റെ പമ്പിംഗ് മെയിൻ 5 മാസങ്ങൾക്കു മുൻപ് ചാർജ് ചെയ്ത സാഹചര്യത്തിൽ ഈ സ്കീം കമ്മീഷൻ ചെയ്തതായി കരുതാമോ;

(ബി) ഇല്ലെങ്കിൽ ഇതിനുള്ള കാലതാമസത്തിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കാലതാമസത്തിനുള്ള പ്രശ്നങ്ങൾ പരിഹരിച്ച് ചാലക്കുടി കെ. ഡബ്ള്യൂ. എ. സ്കീം കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ചാലക്കുടി കെ. ഡബ്ള്യൂ. എ. സ്കീം ഭാഗീകമായി കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) ഈ സ്കീമിന് ആവശ്യമായ ട്രാൻസ്ഫോർമറുകളുടെ പണി പൂർത്തീകരിക്കാത്തതുകൊണ്ടും വിതരണ ശൃംഖല ചാർജ്ജ് ചെയ്യുമ്പോഴും ഉണ്ടാകുന്ന ലീക്ക് തീർക്കുന്നതിനാവശ്യമായ സമയം വേണ്ടി വരുന്നതുകൊണ്ടും ഗ്യാസ് കണക്ഷനുകൾ പൂർത്തീകരിക്കുവാനുള്ള കാലതാമസംകൊണ്ടുമാണ് പദ്ധതി പൂർണ്ണമായി കമ്മീഷൻ ചെയ്യുവാൻ കാലതാമസം ഉണ്ടാകുന്നത്.

(സി) പ്രശ്നങ്ങൾ പരിഹരിച്ച് പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കുലുക്കല്ലൂർ-നെല്ലായ ശുദ്ധജലവിതരണ പദ്ധതി

61 [3204] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പട്ടാമ്പിയിൽ കുലുക്കല്ലൂർ-നെല്ലായ ശുദ്ധജല വിതരണ പദ്ധതി എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതി താമസംവിനാ ആരംഭിക്കേണ്ടതിന്റെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) കുലുക്കല്ലൂർ-നെല്ലായ ശുദ്ധജല വിതരണ പദ്ധതി ഈ വർഷംതന്നെ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ശുദ്ധീകരണശാല, പമ്പ്ഹൗസ്, ജലസംഭരണി മുതലായ ഘടകങ്ങൾക്ക് ആവശ്യമായ സ്ഥലം ലഭിച്ചിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

തെക്കുംകര ശുദ്ധജല വിതരണ പദ്ധതി

62 [3205] ശ്രീ. വി. ബാലറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ തെക്കുംകര ശുദ്ധജലവിതരണ പദ്ധതി എന്നാണ് ആരംഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly